SUNDAY 07.04.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/04/2024

1. നാളികേര വികസന ബോർഡ് തെങ്ങ് കയറ്റ തൊഴിലാളികൾക്കായി കേരസുരക്ഷാ ഇൻഷുറൻസിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോറം കോഴിക്കോട് ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വാഭിമാൻ സോഷ്യൽ സർവീസ് & ചാരിറ്റബിൾ സൊസൈറ്റിയിൽ ലഭ്യമാണ്. ഒരു വർഷത്തേക്ക് 94/- രൂപ അടവിൽ അഞ്ചു ലക്ഷം രൂപയാണ് മരണാനന്തര സഹായം. രണ്ടര ലക്ഷം രൂപ അപകടത്തിലെ പൂർണ്ണ വൈകല്യങ്ങൾക്കും ചികിൽസാ സഹായങ്ങൾക്കും ലഭ്യമാകും. വിശദ വിവരങ്ങൾക്ക് 8891889720 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. സി. പി. സി. ആർ. ഐ. യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ പദ്ധതിയിൽ ഒരു യംഗ് പ്രൊഫഷണൽ 2 ന് വേണ്ടി 2024, ഏപ്രിൽ 30-ാം തിയതി ഒരു എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തുന്നു. താത്കാലിക നിയമനം. പ്രായ പരിധി ഏപ്രിൽ 30-ാം തിയതി 21-45 വയസ്സ് (നിയമാനുസൃതമായ ഇളവുകൾ ബാധകം). കൂടുതൽ വിവരങ്ങൾക്ക് www.kvkalappuzha.icar.gov.in അല്ലെങ്കിൽ www.cpcri.icar.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. താത്പര്യമുള്ളവർ 2024, ഏപ്രിൽ 23-ാം തിയതിയ്ക്കുള്ളിൽ 0479-2959268, 2449268, 9447790268 എന്നീ ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മലയാള ഭാഷയിൽ ഉള്ള ഈ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: 2024 ഏപ്രിൽ 17. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി: 2024 ഏപ്രിൽ 16. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

4. തെങ്ങിലെ കൂമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ള സ്റ്റേഷനുകൾ 8547675124 നമ്പറിൽ ബന്ധപ്പെടുക . പാർസൽ ആയും എത്തിച്ചു നൽകുന്നതാണ്.

5. കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സ്യുഡോമോണാസ് ഫ്ലൂറസൻസ് (പൊടി ലായനി), ട്രൈക്കോഡർമ, ബ്യുവേറിയ, ലക്കാനിസിയം, പെസിലോമൈസസ്, ബയോകൺട്രോൾ കോംബി പാക്ക് (പച്ചക്കറി), മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ കോംബി പാക്ക്, നീം സോപ്പ്, അസോള, വെർമി കമ്പോസ്റ്റ് എന്നീ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വിൽപനയ്ക്ക് തയ്യാറാണ്. ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 9747238532, 0487 2699087എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ പരിപാലിച്ച് വരുന്ന മുട്ടനാടുകളെ (3 എണ്ണം) ഈ മാസം 10 ന് (10/04/2024) പകൽ 11 മണിക്ക് പരസ്യ ലേലം വഴി വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേ ദിവസം രാവിലെ 10.30 നു മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതും ആയിരം രൂപ നിരത ദ്രവ്യം കെട്ടി വെയ്ക്കേണ്ടതുമാണ്. ലേലം പിടിക്കാത്തവർക്ക് ആയിരം രൂപ മടക്കിനൽകുന്നതായിരിക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം